(ബി) 1998-99 സാമ്പത്തികവർഷത്തിൽ ആകെ പിരിവ് 2039.30 ലക്ഷം രൂപ.

(സി) 1998-99 സാമ്പത്തികവർഷം വരെ പിരിഞ്ഞുകിട്ടാനുള്ളത് ആകെ മുതൽ 81.79 ലക്ഷം രൂപ. സ്റ്റേയിൽ ഉൾപ്പെട്ടത് 7.52 ലക്ഷം രൂപ. വീണ്ടുമുള്ള മൂല്യനിർണ്ണയത്താൽ പിരിക്കാൻപറ്റാത്ത തുക 0.60 ലക്ഷം രൂപ. നിറുത്തൽ/കുറവു ചെയ്തത് 0.09 ലക്ഷം രൂപ. പിരിച്ചെടുക്കാവുന്ന തുക 73.58 ലക്ഷം രൂപ. ആകെ പിരിവ് 48.43 ലക്ഷം രൂപ.

സാമ്പത്തികവർഷം തിരിച്ചുള്ള 3/96 മുതലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

73 (1299) അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകാൻ നടപടി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചു നൽകുന്നതു സംബന്ധിച്ച നിയമത്തിൻകീഴിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; അവയുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്;

(സി) റവന്യൂ വകുപ്പിന്റെ കൈയിൽ ഉണ്ടായിരുന്ന ഭൂമി എത്ര; വനം വകുപ്പിൽനിന്നും ലഭ്യമാക്കുന്ന ഭൂമി എത്ര;

(ഡി) ഇതിൽ എത്ര ഏക്കർ ഭൂമി കൃഷിയോഗ്യമാണ്;

(ഇ) ആദിവാസികൾക്ക് എന്നുമുതൽ ഭൂമി നൽകി തുടങ്ങും; എന്നത്തേക്ക് ഇതു പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

ഉത്തരം

(എ) 4738 കുടുംബങ്ങൾക്ക് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി),(സി)&(ഡി) 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം ആദിവാസികൾക്ക് നൽകേണ്ട ഭൂമി സംബന്ധിച്ച കൃത്യമായ കണക്ക് ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ചു വരുന്നു.

(ഇ) ജൂലൈ മാസം മുതൽ നൽകി തുടങ്ങും. കഴിയുന്നതും വേഗം പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

74 (1300) കാരായ്മ കുടിയാൻമാർക്ക് കൈവശ രേഖ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

+ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(എ) കാരായ്മ കുടിയാൻമാർക്ക് കൈവശരേഖ എപ്പോൾ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) കോഴിക്കോട് പന്നിയങ്കര വില്ലേജിൽ ചക്കുംകടവ് പ്രദേശത്ത് പുഴയോര പുറംപോക്ക് നിവാസികൾക്ക് പട്ടയം നൽകാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കാരായ്മ കുടിയാൻമാർക്ക് കൈവശരേഖ നൽകാൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം 16/89 പ്രകാരം കാരായ്മ കുടിയായ്മയോട് ചേർന്ന പുരയിടവും പതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഈ നിയമത്തിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ അത്തരം കേസുകളിൽ പർച്ചേസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പ്രസ്തുത നിയമത്തിന് മുൻകാല പ്രാബല്യം നൽകിക്കൊണ്ട് കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് ഉടൻ പർച്ചേസ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(ബി) കോഴിക്കോട് പന്നിയങ്കര വില്ലേജിൽ ചക്കുംകടവ് പ്രദേശത്ത് പുഴയോര പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

75 (1301) പട്ടയം നൽകാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പഴവങ്ങാടി കരികുളം പാറ പുറമ്പോക്കിൽ എത്ര കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്;

(ബി) ഉദ്ദേശം എത്ര വർഷങ്ങളായി ഇവർ ഇവിടെ അധിവസിക്കാൻ തുടങ്ങിയിട്ട്;

(സി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകിയിട്ടും ഇവർക്ക് പട്ടയം നൽകിയില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്ക് പട്ടയം കിട്ടാൻ വേണ്ടി സ്ഥലവാസികളുടെ ഒപ്പോടെ റാന്നി എം.എൽ.എ. നൽകിയ നിവേദനത്തെ തുടർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഇ) ഇവിടെ അടിയന്തിരമായി പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 41 കുടുംബങ്ങൾ അധിവസിക്കുന്നു.

(ബി) ഉദ്ദേശം 20 വർഷം

(സി) ഉണ്ട്.

(ഡി) 28.10.98-ലാണ് ഭൂമി പതിവിനുള്ള അപേക്ഷ സമർപ്പിച്ചത്. ചട്ടപ്രകാരം ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി പട്ടയം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly